

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2021 നവംബർ 16 – 30

Volume XIV Issue 19

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക





Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: timesofamerica.org
News Cordination: Joychan Puthukulam



Managing Editor: **Mathew George**
Tel: 267-991-2111







## ഡോ.റോബർട്ട് കാലിഫിനെ എഫ്.ഡി.എ തലവനായി ബൈഡൻ നോമിനേറ്റ് ചെയ്തു

**– പി പി ചെറിയാൻ**

വാഷിംഗ്ടൺ ഡി.സി: യു.എസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ തലവനായി ഡോ.റോബർട്ട് കാലിഫിനെ പ്രസിഡന്റ് ബൈഡൻ നോമിനേറ്റ് ചെയ്തു.

നവംബർ 12 വെള്ളിയാഴ്ചയാണ് വൈറ്റ് ഹൗസ് ഇത് സംബന്ധിച്ച് ഔദ്യോഗിക പ്രഖ്യാപനമുണ്ടായത്.

ബൈഡൻ അധികാരത്തിൽ വന്നതിന് ശേഷം എഫ്.ഡി.എക്ക് ആദ്യമായാണ് പുതിയൊരു തലവനെ ലഭിക്കുന്നത്. ഇതുവരെ ഡോ.ജാനറ്റ് വുഡ്കോക്ക് ആയിരുന്നു എഫ്.ഡി.എ ആക്റ്റിംഗ് കമ്മീഷണറായി പ്രവർത്തിച്ചിരുന്നത്. ഡോ.ജാനറ്റ് സ്തുത്യർഹ സേവനം അർപ്പിച്ചു വെങ്കിലും ഒപ്പിയോഡ് കൈകാര്യം ചെയ്തതിൽ പ്രതിപക്ഷത്തിന്റെ ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നിരുന്നു.

ഡ്യുക്ക് യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിൻ കാർഡിയോളജിസ്റ്റായി പ്രവർത്തിച്ചു വന്നിരുന്ന ഡോ. കാലിഫ് ഗൂഗിൾ പാരന്റ് ആൽഫബറ്റ്സ് ലൈഫ് സയൻസ് ഓർഗനൈസേഷന്റെ സീനിയർ അഡ്വൈസർ കൂടിയാണ്. ഒബാമ ഭരണത്തിൽ എഫ്.ഡി.എ കമ്മീഷണറായും ഇദ്ദേഹം പ്രവർത്തിച്ചിരുന്നു.

നവംബർ 15ന് ശേഷം ഡോ.ജാനറ്റിന് ആക്ടിംഗ് സ്ഥാനത്ത് തുടരുന്നതിന് നിയമ തടസ്സമുള്ളതിനാലാണ് ഡോ.കാലിഫിനെ നോമിനേറ്റ് ചെയ്തിരിക്കുന്നതെന്നും, യു.എസ് സെനറ്റിൽ ഇരു പാർട്ടികളും ഇദ്ദേഹത്തെ അംഗീകരിക്കുമെന്നാണ് വിശ്വസിക്കുന്നതെന്നും ബൈഡൻ പറഞ്ഞു. പാൻഡമിക്കിന്റെ ഭീതി പൂർണ്ണമായും വിട്ടു മാറിയിട്ടില്ലാത്ത സ്ഥിതിക്ക് എഫ്.ഡി.എക്ക് പൂർണ്ണസമയ ചീഫ് ആവശ്യമാണെന്നും ബൈഡൻ കൂട്ടിച്ചേർത്തു.

## വിശുദ്ധ കുർബാന സ്വീകരികുന്നതു തുടരണമെന്ന് ഫ്രാൻസിസ് മാർപാപ്പ ഉപദേശിച്ചതായി ബൈഡൻ



**– പി.പി.ചെറിയാൻ**

വാഷിംഗ്ടൺ ഡിസി : കത്തോലിക്കാ സഭയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതും ദിവ്യകാരുണ്യം സ്വീകരികുന്നതും തുടരണമെന്ന് ഫ്രാൻസിസ് മാർപാപ്പ ഉപദേശിച്ചതായി ബൈഡൻ. മാർപാപ്പ തന്നെ നല്ലൊരു കത്തോലിക്കാ വിശ്വാസി എന്ന് വിളിച്ചെന്നും ബൈഡൻ വെളിപ്പെടുത്തി.

സ്കോട്ട്ലൻഡിലെ കാലാവസ്ഥാ ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനു മുമ്പായി വത്തിക്കാനിൽ മാർപ്പാപ്പയുമായി 75 മിനിട്ടോളം നീണ്ടുനിന്ന സ്വകാര്യ സംഭാഷണത്തിലാണ് ദിവ്യകാരുണ്യം സ്വീകരിക്കുന്നതു തുടരണമെന്ന് തന്നോട് പറഞ്ഞതായി ബൈഡൻ വെളിപ്പെടുത്തിയത്.

സ്വവർഗ വിവാഹത്തെയും, ഗർഭച്ഛിദ്രാവകാശത്തേയും പിന്തുണയ്ക്കുന്ന പ്രസിഡന്റിനും മറ്റ് കത്തോലിക്കാ രാഷ്ട്രീയക്കാർക്കും ദിവ്യകാരുണ്യം നിഷേധിക്കണമെന്ന ചർച്ചകൾ അമേരിക്കയിലെ റോമൻ കത്തോലിക്കാ സഭയിൽ സജീവമായി നില നിൽക്കുന്നുണ്ട്.

ഗർഭച്ഛിദ്രാവകാശങ്ങളെ പിന്തുണയ്ക്കുന്നതു നിർത്താതെ ദിവ്യകാരുണ്യം സ്വീകരിക്കുന്ന കത്തോലിക്കാ രാഷ്ട്രീയക്കാരെ നിശിതമായി വിമർശിച്ച്, മാർപാപ്പയുമായുള്ള ബൈഡന്റെ കൂടിക്കാഴ്ചയ്ക്കു മുമ്പായി യു എസിലെ കർദിനാൾ റെയ്മണ്ട് ബർക്ക് തന്റെ വെബ്സൈറ്റിൽ വിശദമായ ഒരു കത്ത് പോസ്റ്റ് ചെയ്തിരുന്നത് സംബന്ധിച്ചു മാധ്യമ പ്രവർത്തകരുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു ബൈഡൻ. തങ്ങളുടെ കൂടിക്കാഴ്ചയിൽ ഗർഭച്ഛിദ്രത്തെ കുറിച്ചോ സ്വവർഗ വിവാഹത്തെ ക്കുറിച്ചോ ഒരു പരാമർശവും ഉണ്ടായിട്ടില്ലെന്ന് മറ്റൊരു ചോദ്യത്തിനു മറുപടിയായി ബൈഡൻ പറഞ്ഞു.

ബൈഡന്റെ പരാമർശങ്ങൾ സ്ഥിരീകരിക്കാൻ ആവശ്യപ്പെട്ടപ്പോൾ, ഇതൊരു സ്വകാര്യ സംഭാഷണമായിരുവെന്നും, ചർച്ച ചെയ്ത വിഷയങ്ങളെക്കുറിച്ചുള്ള വാർത്താക്കുറിപ്പിൽ വത്തിക്കാൻ അതിന്റെ അഭിപ്രായങ്ങൾ പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും വത്തിക്കാൻ വക്താവ് മാറ്റിയോ ബ്രൂണി പ്രതികരിച്ചു

## ജഡ്ജ് കെ.പി.ജോർജ് സുഖം പ്രാപിച്ചുവരുന്നു

ഹൂസ്റ്റൺ: പോർട്ട് ബന്റ് കൗണ്ടി ജഡ്ജിയും മലയാളിയുമായ കെ.പി.ജോർജ് ഉദരത്തിൽ അനുഭവപ്പെട്ട വേദനയെ തുടർന്ന് ശസ്ത്രക്രിയയ്ക്കുവിധേയനാകുകയും, ഞായറാഴ്ച ആശുപത്രി നിന്നും ഡിസ്ചാർജ് ചെയ്യുകയും ചെയ്തതായി ജഡ്ജിയുടെ തന്നെ പ്രസ്താവനയിൽ പറയുന്നു.

നവംബർ 13 ശനിയാഴ്ച വയറിനകത്ത് അനുഭവപ്പെട്ട വേദനയെ തുടർന്ന് ഹൂസ്റ്റണിലുള്ള മെമ്മോറിയൽ ഹെർമൻ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

വിദഗ്ദ്ധ പരിശോധനയിൽ കിഡ്നി സ്റ്റോൺ കണ്ടെത്തുകയും ശസ്ത്രക്രിയയിലൂടെ അതു നീക്കം ചെയ്യുകയും ചെയ്തു. ഇപ്പോൾ പരിപൂർണ്ണ ആരോഗ്യവാനായിരിക്കുന്നുവെന്നും ഏതാനും ദിവസങ്ങൾക്കകം ഓഫീസിലെത്തി ജോലി തുടരുമെന്നും പറഞ്ഞു.

ഓഫീസിലെത്തുന്നതുവരെ വീട്ടിലിരുന്ന് വെർചലിലൂടെ ഔദ്യോഗിക കാര്യങ്ങൾ നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

## ഫെഡറൽ ജഡ്ജിയായി ഇന്ത്യൻ അമേരിക്കൻ പ്രോസിക്യൂട്ടർ



കന്നക്റ്റിക്കറ്റ് : ഇന്ത്യൻ അമേരിക്കൻ പ്രോസിക്യൂട്ടർ സരള വിദ്യ നാഗലയെ ഫെഡറൽ ജഡ്ജിയായി നിയമിക്കുന്നതിന് യു.എസ്. സെനറ്റിന്റെ അംഗീകാരം.

കന്നക്ട്ടിക്കട്ട് ഫെഡറൽ ബെഞ്ചിലേക്ക് പ്രസിഡന്റ് ബൈഡൻ നോമിനേറ്റ് ചെയ്ത സരളയെ ഒക്ടോബർ 27 ന് നടന്ന സെനറ്റിൽ 46 നെതിരെ 56 വോട്ടുകളോടെയാണ് ഫെഡറൽ ജഡ്ജിയായി അംഗീകരിച്ചത്.

കന്നക്ട്ടിക്കട്ട് സംസ്ഥാനത്ത് ആദ്യമായി നിയമിക്കപ്പെടുന്ന സൗത്ത് ഏഷ്യൻ വംശജയാണ് സരള വിദ്യ. ഫെഡറൽ ജഡ്ജിയായിരിക്കുന്ന വനേസയുടെ ഒഴിവിലാണ് സരളയുടെ നിയമനം. ക്രിമിനൽ ജസ്റ്റിസ് സിസ്റ്റത്തെക്കുറിച്ച് അഗാധ പാണ്ഡിത്യമുള്ള സരള പൊതുജന സേവനത്തിൽ മുൻപന്തിയിലാണ്. 1983ൽ നോർത്ത് ഡെക്കോട്ടയിലായിരുന്നു ഇവരുടെ ജനനം.

സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദവും യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ ബെർക്കലയിൽ നിന്നും നിയമ ബിരുദവും കരസ്ഥമാക്കി. 2008 –2009ൽ ലൊ ക്ലാർക്കായി ആദ്യ നിയമനം. 2012ൽ കന്നക്ട്ടിക്കറ്റ് യു.എസ് അറ്റോർണി ഓഫീസിൽ പ്രവർത്തനമാരംഭിച്ചു. ഏതു രാജ്യക്കാരനെന്നോ, വംശജനെന്നോ വേർതിരിവില്ലാതെ എല്ലാവർക്കും തുല്യ പരിഗണന എന്ന ബൈഡന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ ഭാഗമാണ് സരളയുടെയും നിയമനം.

# കേരള ലിറ്റററി സൊസൈറ്റി ഡാളസ് അക്ഷരശ്ലോക സദസ്സ് ചീഫ് സെക്രട്ടറി വി.പി.ജോയി ഉദ്ഘാടനം ചെയ്തു

**-അനശ്വരം മാമ്പിള്ളി**

ഡാളസ്സ്: കേരള ലിറ്റററി സൊസൈറ്റി ഡാളസ്സ് ഒക്ടോബർ 30ന് സംഘടിപ്പിച്ച വെർച്വൽ അക്ഷരശ്ലോക സദസ്സ് കേരളത്തിന്റെ ചീഫ് സെക്രട്ടറി വി.പി.ജോയി (ജോയി വാഴയിൽ) ഉദ്ഘാടനം ചെയ്തു.

കാലിഫോർണിയ സാൻ റാമോണിൽ നിന്നുള്ള അക്ഷരശ്ലോക വിദ്വാനുമായ ഉമേഷ് നരേന്ദ്രനായിരുന്നു മോഡറേറ്റർ. ഐടി മേഖലയിൽ പ്രവർത്തിക്കുന്ന ഹരിദാസ് മംഗലപ്പിള്ളി (ചാലക്കുടി), കെ.വേലപ്പൻപിള്ള (വിദ്യാധിരാജാ അക്ഷരശ്ലോക സമിതി, കണ്ണമ്മൂല, തിരുവനന്തപുരം), അക്ഷരശ്ലോക പരിശീലകനായ എ.യു.സുധീർകുമാർ (എറണാകുളം) എന്നിവരും പങ്കെടുത്തു.

അനുപമ എം (വാണിയംകുളം, പാലക്കാട്), നിരുപമ, പി.ജെ (എടരിക്കോട്, മലപ്പുറം), പവിത്ര സി (വെള്ളൂർ), സ്മൃതി പി.കെ (ഇരുമ്പനം, തൃപ്പൂണിത്തുറ), ശ്രീദേവി പി, (കാഞ്ഞിരമറ്റം എറണാകുളം), ശ്രീലക്ഷ്മി (എറണാകുളം) എന്നിവരാണ് അക്ഷരശ്ലോകങ്ങൾ അവതരിപ്പിച്ചത്.

കേരള ലിറ്റററി സൊസൈറ്റി പ്രസിഡന്റ് സിജു വി.ജോർജ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഹരിദാസ് തങ്കപ്പൻ സ്വാഗതവും അനശ്വര മാമ്പിള്ളി കൃതജ്ഞതയും പറഞ്ഞു.

# മാധ്യമ പ്രവർത്തക നിഷാ പുരുഷോത്തമൻ ഇന്ത്യ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിൽ പങ്കെടുക്കും

**- അനിൽ മറ്റത്തികുന്നേൽ**




ചിക്കാഗോ: ചിക്കാഗോയിൽ വച്ച് നടത്തപ്പെടുന്ന ഈ വർഷത്തെ ഐ.പി.സി.എൻ.എ മീഡിയ കോൺഫ്രറസിനെ ധന്യമാക്കുവാൻ പ്രമുഖ മാധ്യമ പ്രവർത്തകയും മനോരമ ന്യൂസിന്റെ ചീഫ് ന്യൂസ് പ്രൊഡ്യൂസറും കേരള പത്രപ്രവർത്തകയൂണിയന്റെ സംസ്ഥാന വൈസ് പ്രസിഡണ്ടും കൂടിയായ നിഷാ പുരുഷോത്തമൻ പങ്കെടുക്കും. നവംബർ 11 മുതൽ 14 വരെ റിനയസൻസ് ചിക്കാഗോ ഗ്ലെൻവ്യൂ സ്യൂട്ട്സ് കൺവൻഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്ന മീഡിയ കോൺഫ്രൻറസിന്റെ ഭാഗമായി വർത്തമാന കാലത്തേ ഏറെ ശ്രദ്ധേയയായ മാധ്യമ പ്രവർത്തകയായ നിഷാ പുരുഷോത്തമൻ കൂടി എത്തുന്നതോടെ മികച്ച അതിഥികളാൽ ശ്രദ്ധേയമാകുന്ന ഒരു അന്താരാഷ്ട്ര കോൺഫ്രൻസായി ഈ വർഷത്തെ മീഡിയ കോൺഫ്രൻസ് മാറും.

രാജ്യാന്തര വാർത്തകളുടെ ചുമതലയുള്ള നിഷ, 2014ലെ സിറിയൻ ആഭ്യന്തരയുദ്ധവും 2018ലെ മാലദ്വീപ് അടിയന്തരാവസ്ഥയുമടക്കം നിരവധി അന്താരാഷ്ട്ര സംഭവങ്ങൾ നേരിൽ റിപ്പോർട്ട് ചെയ്തു. 2018ൽ യു.എസ് സ്റ്റേറ്റ് ഡിപാർട്ട്മെന്റിന്റെ ഇന്റർനാഷണൽ വിസിറ്റർ ലീഡർഷിപ് പ്രോഗ്രാമിന് തിരഞ്ഞെടുക്കപ്പെട്ട് ഒരുമാസം യുഎസിലെ വിവിധ സംസ്ഥാനങ്ങൾ സന്ദർശിച്ചു. മികച്ച വാർത്താ അവതാരകയ്ക്കുള്ള സംസ്ഥാന സർക്കാർ പുരസ്കാരം മൂന്നുതവണ ലഭിച്ചു. ഇതിന് പുറമേ മറ്റ് നിരവധി പുരസ്ക്കാരങ്ങളും ലഭിച്ചു. നൊബേൽ ജേതാവ് നാദിയ മുറാദിന്റെ ആത്മകഥ ദ ലാസ്റ്റ് ഗേൾ, അവസാനത്തെ പെൺകുട്ടിഎന്ന പേരിൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി.

കോൺഫ്രൻസ് സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക്: ബിജു കിഴക്കേക്കുറ്റ് (17732559777), സുനിൽ ട്രൈസ്റ്റാർ (19176621122), ജീമോൻ ജോർജ് (12679704267)

# വേൾഡ് മലയാളി കൗൺസിൽ ചിക്കാഗോ പ്രൊവിൻസ് കേരളപ്പിറവി ആഘോഷിച്ചു

**- ജോയിച്ചൻ പുതുക്കുളം**

ചിക്കാഗോ: അറുപത്തിയഞ്ചാമത് കേരളപ്പിറവി ആഘോഷം വേൾഡ് മലയാളി കൗൺസിൽ ആഘോഷിച്ചു. ചിക്കാഗോ പ്രൊവിൻസ് പ്രസിഡന്റ് ബഞ്ചമിൻ തോമസ് അധ്യക്ഷത വഹിച്ചു. ചെയർമാൻ മാത്തുക്കുട്ടി ആലുംപറമ്പിൽ, അമേരിക്കൻ റീജിയൻ വൈസ് പ്രസിഡന്റ് മാത്യൂസ് ഏബ്രഹാം, രഞ്ജൻ ഏബ്രഹാം, ജോൺസൺ കണ്ണൂർക്കാടൻ, ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് എന്നിവർ പ്രസംഗിച്ചു. അലോണ ജോർജ്, തോമസ് ഡിക്രൂസ് എന്നിവർ ഗാനാലാപം നടത്തി.

# അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിന്റെ ഗാല നൈറ്റിന് മാറ്റ് കൂട്ടുവാൻ ചിനു തോട്ടത്തിന്റെ ശിങ്കാരി സ്കൂൾ ഓഫ് റിഥം ചിക്കാഗോ

**- അനിൽ മറ്റത്തികുന്നേൽ**

ചിക്കാഗോ: ഇന്ത്യാ പ്രസ്സ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ ഒൻപതാമത് മീഡിയാ കോൺഫ്രൻസിന്റെ സായാഹ്നങ്ങൾ താളലയമാക്കുവാൻ ചിക്കാഗോയിലെ പ്രമുഖ ഡാൻസ് ഗ്രൂപ്പായ ശിങ്കാരി സ്കൂൾ ഓഫ് റിഥം ഒരുങ്ങുന്നു. വർഷങ്ങളായി അമേരിക്കയിലുടനീളം ശ്രദ്ധേയമായ പ്രകടനം കൊണ്ട് വേദികളെ പ്രകമ്പനം കൊള്ളിച്ചിട്ടുള്ള ശിങ്കാരി സ്കൂൾ ഓഫ് ഡാൻസ്, പ്രമുഖ നൃത്താദ്ധ്യാപികയായ ചിന്നു തോട്ടത്തിന്റെ നേതൃത്തിലാണ് പ്രവർത്തിക്കുന്നത്. അമേരിക്കൻ മലയാളികൾക്ക് വേണ്ടി പ്രമുഖ നടീനടന്മാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിവിധ സ്റ്റേജ് ഷോകളിൽ അവരോടൊപ്പം നിരവധി പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട് ശിങ്കാരി സ്കൂൾ ഓഫ് ഡാൻസിലെ പ്രതിഭകൾ.

നവംബർ 13 ശനിയാഴ്ച രാവിലെ സെമിനാറുകളും, ഉച്ചകഴിഞ്ഞു 3 മണി മുതൽപീപ്പിൾസ് ഫോറം എന്ന ലൈവ് ടോക് ഷോയും ഉണ്ടായിരിക്കും. അതിനു ശേഷം പൊതുസമ്മേളനം. വൈകിട്ട് പൊതു സമ്മേളനം കഴിഞ്ഞാൽ ഉടനെ തന്നെഗാല നൈറ്റിൽ ശിങ്കാരി സ്കൂൾ ഓഫ് റിഥത്തിന്റെ നൃത്യ നൃത്തങ്ങളും സംഗീത നിശയും കോർത്തിണക്കി ആണ് പരിപാടികൾ അരങ്ങേറുക.

നവംബർ 11 മുതൽ 14 വരെ ചിക്കാഗോയിൽ, റിനയസൻസ് ഗ്ലെൻവ്യൂ മാരിയറ്റ് കൺവൻഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്ന ഈ മീഡിയ കോൺഫ്രൻസിൽ നിരവധി മാധ്യമ പ്രവർത്തകരും രാഷ്ട്രീയ സാമൂഹ്യ മേഖലയിലെ പ്രമുഖരും പങ്കെടുക്കും. കോൺഫറൻസിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി നാഷണൽ പ്രസിഡണ്ട് ബിജു കിഴക്കേക്കുറ്റ് അറിയിച്ചു. കോൺഫ്രൻസ് സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക്: ബിജു കിഴക്കേക്കുറ്റ് ( 17732559777), സുനിൽ ട്രൈസ്റ്റാർ (19176621122), ജീമോൻ ജോർജ് (12679704267)

# ന്യൂ ജേഴ്സിയിൻ ഇൻഫന്റ് മിനിസ്ട്രി പ്രവർത്തനങ്ങൾ ആരംഭിച്ചു



**- സിജോയ് പറപ്പള്ളിൽ**

ന്യൂജേഴ്സി: ക്രൈസ്റ്റ് ദി കിംഗ് ക്നാനായ ക =ത്തോലിക്കാ പള്ളിയിൽ ഈ വർഷത്തെ ഇൻഫന്റ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കമായി.

ഇടവക വികാരി ഫാ. ബിൻസ് ചേത്തലിൽ നയിച്ച പ്രാർത്ഥനയോടെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ആദ്യത്തെ മീറ്റിംഗിൽ കുട്ടികൾക്കായി ക്ലാസുകൾ എടുക്കുകയും പാട്ടുകൾ പഠിപ്പിക്കുകയും ചെയ്തു.

ഇടവകയിലെ ഇൻഫന്റ് മിനിസ്ട്രി ഓർഗനൈസർമാരായ അഞ്ചു വാഴക്കാട്ട്, ജൂബി പോളപ്രയിൽ, മതബോധന ഡയറക്ടർ ജൂബി കിഴക്കേപ്പുറം എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# വി.യൂദാസ് ശ്ലീഹായുടെ തിരുനാൾ ആചരിച്ചു



**- ആന്റോ കവലയ്ക്കൽ**

ഷിക്കാഗോ സെന്റ് തോമസ് സീറോ മലബാർ കത്തീഡ്രലിൽ വി.യൂദാസ് തദ്ദേവൂസിന്റെ തിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. ഒക്ടോബർ 31 ഞായറാഴ്ച നടത്തപ്പെട്ട തിരുനാളിൽ ഷിക്കാഗോ സെന്റ് തോമസ് രൂപതാ പ്രൊകുറേറ്റർ ഫാ.കുര്യൻ നെടുവേലി ചാലുങ്കൽ കാർമ്മികനായിരുന്നു. ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്കും പ്രദക്ഷിണത്തിനും ശേഷം സ്നേഹവിരുന്നോടെ തിരുന്നാൾ ആഘോഷങ്ങൾ സമാപിച്ചു.

എസ്.എം.സി.സി. ഷിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിലാണ് തിരുനാൾ ആഘോഷങ്ങൾ നടത്തപ്പെട്ടത്. ആന്റോ കവലയ്ക്കൽ, ബിജി കൊല്ലാപുരം, ഷാജി കൈലാത്ത്, ജോൺസൺ കണ്ണൂക്കാടൻ, ഷിബു അഗസ്റ്റിൻ, കുര്യാക്കോസ് തുണ്ടിപ്പറമ്പിൽ, മേഴ്സി കുര്യാക്കോസ്, ഷാബു മാത്യൂ, ജോസഫ് നാഴിയംപാറ, ആഗ്നസ്സ് തെങ്ങുംമൂട്ടിൽ, ഷിജി ചിറയിൽ, ജാസ്മിൻ ഇമ്മാനുവേൽ, സണ്ണി വള്ളിക്കളം, റോയി നെടുങ്ങോട്ടിൽ, ജോണി മണ്ണഞ്ചേരിൽ എന്നിവർ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി. സജി വർഗീസ് തിരുനാൾ കോർഡിനേറ്ററായി പ്രവർത്തിച്ചു.

# ഫൊക്കാന കേരളപ്പിറവിദിനം ആഘോഷിച്ചു

**- വർഗീസ് പാലമലയിൽ**

ചിക്കാഗൊ: 2021 ഒക്ടോബർ 31ന് വൈകിട്ട് 6.30 മുതൽ 8.30 വരെ ഫൊക്കാന, കേരളപ്പിറവി ദിനം ആഘോഷിച്ചു.

യോഗാരംഭത്തിൽ തന്നെ കോവിഡ് മൂലം ജീവൻ പൊലിഞ്ഞ അനേകായിരങ്ങൾക്കും, മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ 37-ാം രക്തസാക്ഷിദിനത്തിലും യോഗം ആദരാജ്ഞലികൾ അർപ്പിച്ചു. ഫൊക്കാന പ്രസിഡന്റ് രാജൻ പടവത്തിൽ അദ്ധ്യക്ഷത വഹിച്ചു. പശുരാമൻ മഴുവെറിഞ്ഞ് വീണ്ടെടുത്തതാണ് കേരളം എന്ന ഐതീഹ്യം പ്രസിഡന്റ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. കൂടാതെ പ്രസിഡന്റ് എല്ലാ മലയാളികൾക്കും കേരളപ്പിറവി ദിനത്തിന്റെ ആശംസകളും അറിയിച്ചു.

ഫൊക്കാന ജനറൽ സെക്രട്ടറി വർഗീസ് പാലമലയിൽ സ്വാഗതം പറഞ്ഞു. കേരവൃക്ഷങ്ങളുടെയും, കഥകളിയുടെയും, മോഹിനിയാട്ടത്തിന്റെയും, ഒപ്പനയുടെയും, കളരിപ്പയറ്റിന്റേയും, മാർഗംകളിയുടെയും നാടായ കേരളത്തിന്റെ ഓർമ്മകൾ പ്രവാസികളുടെ മനസ്സിൽ നിന്നും ഒരിക്കലും മാഞ്ഞു പോകില്ലെന്ന് ജനറൽ സെക്രട്ടറി തന്റെ സ്വാഗത പ്രസംഗത്തിൽ സൂചിപ്പിച്ചു. സ്വരൂപ അനിലിന്റെ മോഹിനിയാട്ടം യോഗത്തിന് മാറ്റ് കൂട്ടി. ട്രഷറർ എബ്രഹാം കളത്തിൽ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ.സുജ ജോസ്, അസ്സോസിയേറ്റ് സെക്രട്ടറി മാല കേയാർകെ, അസിസന്റ് അസോസിയേറ്റ് ട്രഷറർ അലക്സാണ്ടർ പൊടിമണ്ണിൽ, ട്രസ്റ്റി ബോർഡ് ചെയർമാൻ വിനോദ് കെയാർക്കെ, അഡ്വൈസറി ബോർഡ് ചെയർമാൻ ജോസഫ് കുരിയപ്പുറം, വുമൺസ് ഫോറം ചെയർപേഴ്സൺ ഷീല ചെറു, ഫൗണ്ടേഷൻ ചെയർമാൻ ജോർജ് ഓലിക്കൽ, ഷൈജു എബ്രഹാം, ജോർജി തോമസ്, ജേക്കബ് വർഗീസ്, തോമസ് ജോർജ്, റെജി വർഗീസ്, ക്രിസ് തോപ്പിൽ, ബേബിച്ചൻ ചാലിൽ, ഷാജി സാമുവേൽ, വേണുഗോപാൽ പിള്ളൈ, രാജു സക്കറിയ, മാത്യൂ ഉമ്മൻ, ലൂക്കോസ് മാളികയിൽ, ബോബി ജേക്കബ്, വൈസ് പ്രസിഡന്റ് എബ്രഹാം വറുഗീസ് എന്നിവർ പ്രസംഗിച്ചു.

# എട്ടുവയസുകാരൻ മരിച്ച നിലയിൽ; അമ്മയും രണ്ടാനച്ഛനും അറസ്റ്റിൽ

**- പി.പി.ചെറിയാൻ**

ഹൂസ്റ്റൺ: സാം ഹൂസ്റ്റൺ പാർക്ക് വെയിലുള്ള ഹോട്ടലിൽ എട്ടു വയസ്സുകാരനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ മാതാവിനേയും ഇവരുടെ നിലവിലുള്ള ഭർത്താവിനേയും പോലീസ് അറസ്റ്റു ചെയ്തു. കഴിഞ്ഞ മാർച്ചിലായിരുന്നു സംഭവം. ഇരുവരും ഹോട്ടൽ മുറിയിൽ കിടന്നുറങ്ങുമ്പോൾ മകൻ ബാത്ത് ടബിൽ വെള്ളത്തിൽ മുങ്ങി മരിക്കുകയായിരുന്നു എന്നാണ് പോലീസിനു നൽകിയ മൊഴി.

മെഡിക്കൽ എക്സാമിനറുടെ പരിശോധനാഫലം പുറത്തു വന്നതോടെ കുട്ടി മാരകമായ പീഡനമേറ്റാണ് കൊല്ലപ്പെട്ടതെന്നും നെഞ്ചിന്റെ ഭാഗത്തെ തൊലിവരെ വിട്ടുപോയിരുന്നുവെന്നും കാലിലും ദേഹത്തും പരുക്കുണ്ടായിരുന്നുവെന്നും തെളിഞ്ഞു. ഇതോടെ കയ്‌ല ഹോൾസൺ ഡോർഫിനേയും (24), ഡൊമിനിക് ലൂയിസ് (28) എന്നിവരെ പോലീസ് അറസ്റ്റു ചെയ്തു. കുട്ടിയെ മാരകമായി പരുക്കേല്പിച്ചതിനും തെളിവുകൾ നശിപ്പിച്ചതിനുമാണ് ഇവർക്കെതിരെയുള്ള കേസ്. കയ്‌ലയെ ഡിസംബർ എട്ടിനും ഡൊമിനിക്കിനെ നവംബർ 30നും കോടതിയിൽ ഹാജരാക്കും. തന്റെ മകൾ ഇങ്ങനെ ചെയ്യില്ലെന്നും സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്നും കയ്‌ലയുടെ മാതാവ് പ്രതികരിച്ചു.

# കനേഡിയൻ മലയാളി ഐക്യവേദിയുടെ കേരളപ്പിറവി ആഘോഷങ്ങൾ



കാനഡയിലെ മലയാളി സംഘടനകളുടെ കൂട്ടായ്മയായ കനേഡിയൻ മലയാളി ഐക്യവേദിയുടെ ആഭിമുഖ്യത്തിൽ കേരളപ്പിറവി ആഘോഷങ്ങൾ ഓൺലൈൻ ആയി നടത്തപ്പെടുന്നു. നവംബർ ആറിന് രാവിലെ പതിനൊന്നു മണിക്ക് ആണ് കേരളി പിറവി ആഘോഷങ്ങൾ നടക്കുന്നതെന്നു ജനറൽ സെക്രട്ടറി പ്രസാദ് നായർ അറിയിച്ചു.

കാനഡയിലെ ചെറുതും വലുതുമായ അൻപതോളം സംഘടനകളുടെ കൂട്ടായ്മയാണ് നാഷണൽ ഫെഡറേഷൻ ഓഫ് മലയാളീ അസ്സോസ്സിയേഷൻ ഇൻ കാനഡ.

കാനഡയിലെ പ്രമുഖ രാഷ്ട്രീയ നേതാക്കളും സംഘടനാ നേതാക്കളും ഈ ഓൺലൈൻ ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് കനേഡിയൻ മലയാളി ഐക്യവേദി നാഷണൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് രാജശ്രീ നായർ നാഷണൽ വൈസ് പ്രസിഡന്റ് അജ് ഫിലിപ്പ്, നാഷണൽ സെക്രട്ടറി ജോൺ കെ നൈനാൻ എന്നിവർ അറിയിച്ചു. nfmac.org

# ഫോമാ സെൻട്രൽ റീജിയൻ കേരളപ്പിറവി ആഘോഷിച്ചു



**- റോയ് മുളകുന്നം**

ചിക്കാഗോ: നോർത്ത് അമേരിക്കയിലെയും കാനഡയിലെയും മലയാളി സംഘടനകളുടെ സംഘടനയായ ഫോമാ (ഫെഡറേഷൻ ഓഫ് മലയാളി അസ്സോസിയേഷൻസ് ഓഫ് അമേരിക്കാസ്) യുടെ സെൻട്രൽ റീജിയൻ കേരളം ഒരു ഏകീകൃത സംസ്ഥനമായതിന്റെ 65-ാം ജന്മദിനം ആഘോഷിച്ചു.

പൂർണ്ണമായും കോവിഡ് 19 പ്രോട്ടോകോൾ പ്രകാരം ഫോമാ റീജിയണൽ വൈസ് പ്രസിഡന്റ് ജോൺ പാട്ടപതിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ റീജിയണൽ ചെയർമാൻ റോയി മുളകുന്നത്തിന്റെ ആമുഖ പ്രസംഗത്തിനു ശേഷം ഫോമാ ജോയിന്റ് സെക്രട്ടറി ജോസ് മണക്കാട്ട് കേരളപിറവി ആഘോഷം ഉദ്ഘാടനം ചെയ്തു. ഫോമാ അഡ്വൈസറി കമ്മറ്റി വൈസ് ചെയർമാനായ പീറ്റർ കുളങ്ങര കേരളപ്പിറവി സന്ദേശം നല്കി.

ഫോമാ നാഷണൽ കമ്മറ്റി അംഗം ജോൺസൻ കണ്ണൂക്കാടൻ, ചിക്കാഗോ മലയാളി അസ്സോസിയേഷൻ മുൻ പ്രസിഡന്റും ഫോമാ മുൻ റീജിയണൽ പ്രസിഡന്റുമായ സണ്ണി വള്ളിക്കളം, ഇല്ലിനോയി മലയാളി അസോസിയേഷൻ പ്രസിഡന്റ് സിബു കുളങ്ങര, മുൻ റീജിയണൽ വൈസ് പ്രസിഡന്റ് ബിജി ഇടാട്ട്, റീജിയണൽ സെക്രട്ടറി രഞ്ജൻ എന്നിവർ പ്രസംഗിച്ചു.

# നോർത്തേൺ വിർജീനിയായിൽ വർണ്ണാഭമായ സെന്റ് ജൂഡ് തിരുനാൾ ആഘോഷം



വാഷിംഗ്ടൺ ഡി. സി: നോർത്തേൺ വിർജീനിയ സെന്റ് ജൂഡ് സീറോ മലബാർ ദേവാലയത്തിൽ പത്തു ദിവസം നീണ്ടു നിന്ന വി.യൂദാ ശ്ലീഹായുടെ തിരുനാൾ സമാപിച്ചു.

ഷിക്കാഗോ സീറോമലബാർ രൂപത സഹായ മെത്രാൻ മാർ ജോയി ആലപ്പാട്ട് ഒക്ടോബർ 22 നു പതാകയുയർത്തിയതോടെ ആരംഭിച്ച തിരുനാൾ ആഘോഷങ്ങൾ ഞായറാഴ്ച പ്രദക്ഷിണത്തോടും മറ്റുപരിപാടികളോടും കൂടി സമാപിച്ചു. ദിവ്യബലിക്കും തിരുക്കർമ്മക്കൾക്കും ഫാ. ജോസഫ് കണ്ടത്തിൽകുടി മുഖ്യകാർമ്മികത്വം വഹിച്ചു.

ക്രിസ്തുവിനുവേണ്ടി ധീരരക്തസാക്ഷ്യത്വം വരിച്ച യൂദാശ്ലീഹായെ പോലുള്ള അനേകായിരം വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും ധന്യ ജീവിതമാതൃകകളാണ് ക്രൈസ്തവ സഭയുടെ വളർച്ചയുടെ നിദാനമെന്നു ഫാ.കണ്ടത്തിൽക്കുടി പറഞ്ഞു. ക്രിസ്തുവിന്റെ അസ്തിത്വം ചോദ്യം ചെയ്തുകൊണ്ട്, ദൈവം ഇല്ല എന്ന് തെളിയിക്കുവാൻ ശ്രമിച്ച നിരവധിയാളുകൾ യേശുവിനെക്കുറിച്ചു പഠിക്കാനും മനസ്സിലാക്കാനും ശ്രമിച്ചപ്പോൾ പിന്നീട് ശക്തരായ ക്രിസ്തുമത വിശ്വാസികളും പ്രചാരകരും ആയിത്തീർന്ന നിരവധി സംഭവങ്ങൾ ഉണ്ടെന്നു അദ്ദേഹം പറഞ്ഞു. ജീവിതപ്രശ്നങ്ങളിൽപ്പെട്ടു നട്ടം തിരിയുന്ന വിശ്വാസികൾക്ക് യൂദാശ്ലീഹായുടെ മാദ്ധ്യസ്ഥം വലിയൊരു അത്താണിയും ആശ്വാസവും ആണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇടവക വികാരി ഫാ. നിക്കോളാസ് തലക്കോട്ടൂർ സഹകാർമികത്വം വഹിച്ചു.

37 പ്രസുദേന്തിമാരാണ് ഇത്തവണ തിരുനാളിനു ഉണ്ടായിരുന്നത്. 9 ദിവസങ്ങളിൽ യൂദാശ്ലീഹായുടെ പ്രത്യേക നൊവേനയും വി. കുർബ്ബാനയും ഉണ്ടായിരുന്നു. സെന്റ് ജൂഡ് ഇടവക വികാരി ഫാ.നിക്കോളാസ് തലക്കോട്ടൂർ, ഇടവക ട്രസ്റ്റിമാരായ ജയ്സൺ ജോസഫ്, ജിൻസൺ ജോസഫ്, ജോസഫ് ജേക്കബ്, വിവിധ കമ്മറ്റികൾക്കു നേതൃത്വം വഹിച്ച റോണി തോമസ്, മാത്യൂസ് മാത്യൂ, സെർജിൻ ജോൺ, സ്മിത ടോം, സോനാ ജിൻസൺ, ഷൈൻ സെബെസ് എന്നിവർ ഇത്തവണത്തെ തിരുനാൾ ആഘോഷങ്ങൾക്ക് നേതൃത്വം വഹിച്ചു. ജാസ്മിൻ മണലേൽ സ്വാഗതവും റോണി തോമസ് കൃതജ്ഞതയും പറഞ്ഞു.

തിരുനാളിന്റെ തലേദിവസത്തെ നൃത്തസന്ധ്യയിൽ വാർഡ് അടിസ്ഥാനത്തിൽ കുട്ടികളും മുതിർന്നവരും നൃത്ത പരിപാടികൾ അവതരിപ്പിച്ചു.

# ഇംപാക്റ്റ് പ്രൊജക്റ്റ് മത്സരത്തിൽ ശ്രീസ്റ്റി ഷർമ വിജയി

നോർത്ത് കരോലിന: ഇന്ത്യൻ അമേരിക്കൻ ഇംപാക്റ്റ് പ്രൊജക്റ്റ് സംഘടിപ്പിച്ച വി. ആർ.ഹോം എസ്സേ കോംപറ്റീഷനിൽ നോർത്ത് കരോലിന ചാപ്പൽ ഹിൽ യൂണിവേഴ്സിറ്റി വിദ്യാർത്ഥി ശ്രീസ്റ്റി ഷർമയെ വിജയിയായി പ്രഖ്യാപിച്ചു. നവംബർ 10നാണ് ഔദ്യോഗിക പ്രഖ്യാപനം ഉണ്ടായത്.

ആവശ്യമായ രേഖകൾ ഇല്ലാതെ അമേരിക്കയിൽ എത്തപ്പെട്ട സൗത്ത് ഏഷ്യൻ ഡ്രീമേഴ്സ് അഭിമുഖീകരിക്കുന്ന തൊഴിൽ പ്രശ്നങ്ങളും, സ്കോളർഷിപ്പും, ഫിനാൻഷ്യൽ എയ്സും തുടങ്ങിയ വിഷയങ്ങളെ അപഗ്രഥിച്ചു നടത്തിയ പ്രബന്ധ എഴുത്തു മത്സരത്തിലാണ് ഷർമയെ വിജയിയായി തിരഞ്ഞെടുത്തതെന്ന് അധികൃതർ ഇറക്കിയ പത്രക്കുറിപ്പിൽ പറയുന്നു.

അമേരിക്കയിലെ 22 സംസ്ഥാനങ്ങളിൽ നിന്നും നിരവധി പേരാണ് മത്സരത്തിലേക്ക് പ്രബന്ധങ്ങൾ അയച്ചിരുന്നത്. കുടിയേറ്റ നിയമം പരിഷ്ക്കരിക്കേണ്ട ആവശ്യകഥയും ഈ പ്രബന്ധത്തിൽ ഉൾപ്പെട്ടിരുന്നുവെന്ന് പ്രോജകറ്റ് കമ്മ്യൂണിറ്റി ഡയറക്ടർ സാറാ ഷാ പറഞ്ഞു. 5000 ഡോളറാണ് ഒന്നാം സ്ഥാനത്തെത്തിയ ഷർമക്ക് ലഭിക്കുക.

# നവംബൽ 2021 കാനഡ ഹിന്ദു പൈതൃക മാസാചരണം

**– ജയശങ്കർ പിള്ള**

കാനഡയിലെ പ്രധാന പ്രവിശ്യയായ ഒന്റാറിയോയിൽ ഊർജ്ജസ്വലരായ വലിയൊരു ഒരു ഹിന്ദു സമൂഹം ഇന്ന് ഉണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിലാണ് ആദ്യത്തെ ഹിന്ദു കുടിയേറ്റക്കാർ കാനഡയിൽ എത്തിയത്. ഹിന്ദു സമൂഹം ശാസ്ത്രം, വിദ്യാഭ്യാസം, ആരോഗ്യം, ഗതാഗതം, വാണിജ്യ വ്യവസായങ്ങൾ, നിയമം, രാഷ്ട്രീയം, ബിസിനസ്സ്, സംസ്കാരം, കായികം, നിർമ്മാണ പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ഗണ്യമായ സംഭാവനകൾ കാനഡയ്ക്ക് നൽകിയിട്ടുണ്ട്. ഹിന്ദു കനേഡിയൻമാർ ഒന്റാറിയോയെ ബഹു മത സാംസ്കാരിക വിജയ ഗാഥയായി നിലനിർത്തുവാൻ സഹായിക്കുകയും ഈ പ്രവിശ്യയെ സന്തോഷകരമായും, സ്വതന്ത്രമായും ജീവിക്കാനും ജോലി ചെയ്യാനും കുടുംബങ്ങൾ തമ്മിലുള്ള സ്നേഹബന്ധം ഊട്ടി വളർത്തുന്ന മികച്ച സ്ഥലമാക്കി മാറ്റുവാനായി നിരന്തരം പ്രവർത്തിച്ചു വരുന്നു. ഒന്റാറിയോയിലുടനീളം വളർച്ചയും അഭിവൃദ്ധിയും സ്നേഹവും, സഹിഷ്ണുതയും വളർത്തുവാനും പാലിയ്ക്കുവാനും ഉള്ള ശ്രമം ഹിന്ദുക്കൾ അനുസ്യൂതം തുടരുന്നു. കാനഡയിലെ ബഹുഭൂരിപക്ഷം ഹിന്ദുക്കളും ആഘോഷിയ്ക്കുന്ന ദീപാവലിആണ് ഏറ്റവും പ്രധാന ആഘോഷം. ഹിന്ദു കലണ്ടർ (ചന്ദ്രന്റെ ചക്രത്തെ) ആശ്രയിച്ച് എല്ലാ വർഷവും ഒക്ടോബറിലോ നവംബറിലോ ആണ് ദീപാവലി. തിന്മയ്ക്കെതിരായ നന്മയുടെ വിജയത്തെയാണ് ദീപാവലി അനുസ്മരിക്കുന്നത്. കൂടാതെ, ഇതേ മാസങ്ങളിൽ തന്നെ, നവരാത്രി, ദുർഗാപൂജ, വിദ്യാരംഭം തുടങ്ങിയ മറ്റ് സുപ്രധാന ഉത്സവങ്ങളും ആഘോഷിച്ചു വരുന്നു.

ഒന്റാറിയോയുടെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക ഘടനയിൽ ഹിന്ദു സമൂഹം നൽകിയ സുപ്രധാന സംഭാവനകൾ കണക്കിലെടുത്തു 2016മുതൽ എല്ലാ വർഷവും നവംബർ മാസം ഹിന്ദു പൈതൃക മാസമായി പ്രഖ്യാപിച്ചു. കനേഡിയൻ കുടിയേറ്റ ഹിന്ദുക്കളും ഒന്റാറിയോയിലുടനീളമുള്ള സാമൂഹിക വികസനത്തിൽ അവർ വഹിച്ച പ്രധാന പങ്കിനെക്കുറിച്ചും ഭാവി തലമുറയെ ഓർമ്മിക്കാനും, ഹിന്ദു ധർമ്മം, സംസ്കാരം എന്നിവ പ്രചരിപ്പിക്കുന്ന തിനും, നിലനിത്തുന്നതിനും, ആഘോഷിക്കുവാനും ബോധവത്ക്കരിക്കാനുമുള്ള അവസരമാണ് ഹിന്ദു പൈതൃക മാസം.

ഹിന്ദു പൈതൃകമാസമായ നവംബറിലെ ഏതെങ്കിലും ഒരു ദിവസം തെരഞ്ഞെടുത്തു വിവിധ ഹിന്ദു സാംസ്കാരിക കൂട്ടായ്മകൾ ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതുണ്ട് എന്നുകൂടി ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുന്നു. അതുപോലെ തന്നെ ഒന്റാറിയോവിലെ വിവിധ സ്കൂൾ ബോർഡുകളുടെ സ്കൂളുകളിൽ നവംബർ മാസത്തിലെ ഒരു ദിവസം നമ്മുടെ ഹിന്ദു സംസ്ക്കാരത്തെ കുറിച്ചുള്ള പ്രഭാഷണങ്ങളും, സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന രീതിയിൽ ഉള്ള വസ്ത്ര ധാരണവും, മറ്റു ചില സ്കൂളുകളിൽ ഹിന്ദു സംസ്കാരത്തെ ഉണർത്തുന്ന ചിത്ര രചനയും കുട്ടികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

# ഫിലഡൽഫിയ ആർസനൽസ് മാവേലി കപ്പ് സോക്കർ ടൂർണമെന്റിൽ വിജയകിരീടം ചൂടി

മെരിലാൻഡ്: ബാൾട്ടിമൂർ കിലാടിസ് സ്പോർട്സ് ക്ലബ്, കൈരളി ബാല്ട്ടിമൂറുമായി സഹകരിച്ച് മെരിലാൻഡിലെ എല്ക് റിഡ്ജിലുള്ള ട്രോയ് പാർക്കിൽ സംഘടിപ്പിച്ച ഇരുപത്തിമൂന്നാമത് മാവേലി കപ്പ് സോക്കർ ടൂർണമെന്റ് ഫൈനലിൽ ഫിലഡൽഫിയ ആർസനസ് മാവേലി കപ്പ് സ്വന്തമാക്കി.

ആർസനൽസിലെ കനിഷ്ക് നസറേത്ത് മോസ്റ്റ് വാല്യുബിൾ പ്ലെയറായി തെരഞ്ഞെടുക്കപ്പെട്ടു. ബെസ്റ്റ് ഡിഫൻഡർ ആയി കിലാടിസിലെ ടിക്കു ജോർജും ബെസ്റ്റ് ഗോളി ആയി കിലാടിസിലെ തന്നെ ആഷിഷ് തോമസും തെരഞ്ഞെടുക്കപ്പെട്ടു.

35 കഴിഞ്ഞവരുടെ ടൂർണമെന്റിൽ ആതിഥേയരായ ബാല്ട്ടിമൂർ കിലാടിസ്, വിർജീനിയ സെന്റ് ജൂഡ് എഫ്.സിയെ 2-0 ഗോളുകൾക്ക് തോല്പിച്ച് 2021ലെ ചാമ്പ്യന്മാരായി. കിലാടിസിലെ അനിൽ ജയിംസ് ടൂർണമെന്റിലെ മോസ്റ്റ് വാല്യുവബിൾ പ്ലെയറായി തെരഞ്ഞെടുക്കപ്പെട്ടു.

ജോസ് ചെറുശേരി, ഷിബു സാമുവൽ, ഓസ്റ്റിൻ അലിന്തിങ്കൽ, വിപിൻ രാജ് എന്നിവർ ടൂർണമെന്റിനു നേതൃത്വം നൽകി.

# സംഗീതപരിപാടിക്കിടെ തിക്കിലും തിരക്കിലും പെട്ട് എട്ടുമരണം

**– ജെൺസൺ ചെറിയാൻ**

ഹൂസ്റ്റൺ: ആസ്ട്രോവേൾഡ് ഫെസ്റ്റിവലിൽ ട്രാവിസ് സ്കോട്സിന്റെ സംഗീതപരിപാടിക്കിടെ തിക്കിലും തിരക്കിലും പെട്ട് എട്ടുമരണം. വേദിക്കടുത്തേക്ക് ആളുകൾ തള്ളിയെത്തിയതാണ് ദുരന്തത്തിന് കാരണമായത്. അമ്പതിനായിരം പേരാണ് പരിപാടിയിൽ പങ്കെടുത്തത്. തിക്കിലും തിരക്കിലും പെട്ട് ഹൃദയാഘാതം ഉണ്ടായ പതിനൊന്നു പേരെ ആശുപത്രിയിലെത്തിച്ചു. ഇതിൽ എട്ടു പേർ മരിച്ചുവെന്നാണ് റിപ്പോർട്ട്. ഒടിവും ചതവുമായി മൂന്നൂറിലധികം പേരാണ് ചികിത്സ തേടിയിരിക്കുന്നത്. അമേരിക്കൻ സമയം വെള്ളിയാഴ്ച രാത്രി 9.15നാണ് സംഭവം. സംഭവത്തെ തുടർന്ന് പരിപാടി നിർത്തിവച്ചു.

# ഫ്ളോറിഡ കോറൽസ്പ്രിംഗ്സ് ആരോഗ്യമാതാ ഫൊറോന ദേവാലയത്തിന് ചരിത്ര നേട്ടം



**– ജോയി കുറ്റിയാനി**

ചിക്കാഗോ: ചിക്കാഗോ സെന്റ് തോമസ് സീറോ മലബാർ രൂപതയിലെ കോറൽ സ്പ്രിംഗ്സ് ആരോഗ്യമാതാ ഫൊറോന ദേവാലയത്തിന്റെ ചരിത്രത്തിൽ ആദ്യമായി പന്ത്രണ്ട് അത്മായർ തിളക്കമാർന്ന വിജയത്തോടെ ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടി.

തലശേരി അതിരൂപതയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആൻഡ് സയൻസിന്റെ മാസ്റ്റേഴ്സ് ഇൻ തിയോളജി പ്രോഗ്രാമിൽ കഴിഞ്ഞ മൂന്നര വർഷക്കാലമായി നടത്തിയ ശ്രമകരമായ പഠനത്തിനൊടുവിലാണ് രൂപതയ്ക്കുതന്നെ അഭിമാനിക്കാവുന്ന ഈ നേട്ടം ഇവർ കൈവരിച്ചത്.

ഇടവകയുടെ മുൻ വികാരിയും ഇപ്പോൾ ചിക്കാഗോ രൂപതയുടെ വികാരി ജനറാളുമായ തോമസ് കടുകപ്പിള്ളിൽ അച്ചന്റെ വലിയൊരു സ്വപ്നമായിരുന്നു ദൈവശാസ്ത്രത്തിൽ ആഴമായ അറിവുനേടിയ അത്മായരിലൂടെ ഇടവകയെ കൂടുതൽ ദൈവാനുഭവത്തിലേക്ക് വളർത്തുക എന്നത്. അദ്ദേഹത്തിന്റെ പരിശ്രമഫലമായി ആരംഭിച്ച മാസ്റ്റേഴ്സ് ഇൻ തിയോളജി പ്രോഗ്രാമിനെ പിന്നീട് ഇടവക വികാരിയായി എത്തിയ റവ.ഫാ. ജോൺസ്റ്റി തച്ചാറ, അസിസ്റ്റന്റ് വികാരി ഫാ. തോമസ് പുളിക്കൽ എന്നിവർ ഹൃദയപൂർവ്വം പ്രോത്സാഹിപ്പിച്ചപ്പോൾ ഇടവകയ്ക്ക് ചരിത്ര നേട്ടമായി. റെജിമോൻ സെബാസ്റ്റ്യൻ ഈ മാസ്റ്റേഴ്സ് പ്രോഗ്രാമിന്റെ കോർഡിനേറ്ററായി സ്തുത്യർഹ സേവനം അനുഷ്ഠിച്ചു.

2021 ഒക്ടോബർ 24നു ഇടവക ദേവാലയത്തിൽ ദിവ്യബലിയോടുകൂടി ആരംഭിച്ച വർണ്ണാഭമായ ബിരുദദാന ചടങ്ങിൽ ചിക്കാഗോ രൂപതാധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയത്ത് മുഖ്യാതിഥിയായിരുന്നു. ഇടവക വികാരി ജോൺസ്റ്റി അച്ചന്റെ അഭാവത്തിൽ ഫാ. തോമസ് പുളിക്കൽ നേതൃത്വം കൊടുത്ത ചടങ്ങിൽ കോറൽസ്പ്രിംഗ്സ് സെന്റ് ആൻഡ്രൂസ് കത്തോലിക്കാ പള്ളി അസിസ്റ്റന്റ് വികാരി ഫാ.ഐസക്ക് അരിക്കാപ്പള്ളിയും സന്നിഹിതനായിരുന്നു. ഇടവകയിലെ മതബോധന രംഗത്തും ഗായകസംഘത്തിലും ഭക്തസംഘടനകളിലും സജീവമായി പ്രവർത്തിക്കുന്ന ബോസി മൈക്കിൾ, സിജി ജോസഫ്, ഡെയ്സി ജോഷി, ദീപ സെബാസ്റ്റ്യൻ, ജോണി അങ്ങാടിയത്ത്, ലാലി പാറത്തലയ്ക്കൽ, മാത്യു വല്ലൂർ, റെജിമോൻ സെബാസ്റ്റ്യൻ, ഷൈനി ആന്റണി, സുമ ലോന്ത്, ട്രീസ ജോയി, വത്സമ്മ ഏബ്രഹാം എന്നിവർ അഭിവന്ദ്യ പിതാവിൽ നിന്ന് ബിരുദം ഏറ്റുവാങ്ങി.

തലശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കോപേട്രൻ അഭിവന്ദ്യ ഡോ. ജോസഫ് പാംപ്ലാനി, എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ. ടോം ഓലിക്കരോട്ട്, മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഡോ. ജോജി കാക്കരമറ്റം, ചിക്കാഗോ രൂപതാ വികാരി ജനറാൾ റവ.ഫാ. തോമസ് കടുകപ്പള്ളിൽ എന്നിവർ വീഡിയോ സന്ദേശങ്ങളിലൂടെ ബിരുദധാരികൾക്ക് ആശംസകൾ അറിയിച്ചു. ജോണി അങ്ങാടിയത്ത് നന്ദി പറഞ്ഞു.

# കോട്ടയം ജില്ലാ ആശുപത്രിയിലേക്ക് ഫോമ വെന്റിലേറ്റർ വിതരണം ചെയ്തു




കോട്ടയം: കോട്ടയം ജില്ലാ ആശുപത്രിയിലേക്ക് ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്ക (ഫോമ)യുടെ ആഭിമുഖ്യത്തിൽ കേരള ക്ലബ് ഡിട്രോയിറ്റ് സംഭാവന ചെയ്യുന്ന വെന്റിലേറ്ററുകളുടെ വിതരണം കോട്ടയം കലക്ടറേറ്റിൽ നടന്നു.

മുൻ മുഖ്യമന്ത്രിയും പുതുപ്പള്ളി എംഎൽഎയുമായ ഉമ്മൻ ചാണ്ടി, തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ, കോട്ടയം ജില്ലാ കലക്ടർ പി.കെ.ജയശ്രീ എന്നിവർ മുഖ്യാതിഥികളായിരുന്നു. ഫോമ പ്രസിഡന്റ് അനിയൻ ജോർജ്, ജോയിന്റ് ട്രഷറർ ബിജു തോണിക്കടവിൽ, കോട്ടയം ജില്ലാ മെഡിക്കൽ ഓഫിസർ ഡോ.ജേക്കബ് വർഗീസ്, കേരള ക്ലബ് ഡിട്രോയിറ്റ് ജോയിന്റ് ട്രഷറർ ബിന്ദു പണിക്കർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായി.

കേരള ക്ലബ് ഭാരവാഹികളായ പ്രസിഡന്റ് അജയ് അലക്സ്, വൈസ് പ്രസിഡന്റ് പ്രാബ്സ് ചന്ദ്രശേഖരർ, സെക്രട്ടറി ആശ മനോഹരൻ, ജോയിന്റ് സെക്രട്ടറി ജോളി ഡാനിയൽ, ട്രഷറർ റോജൻ പണിക്കർ, ജോയിന്റ് ട്രഷറർ ബിന്ദു പണിക്കർ എന്നിവരുടെ നേതൃത്വത്തിലാണ് സംഘടനയുടെ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്.

വെന്റിലേറ്റർ വിതരണം ഉൾപ്പെടെ നിലവിൽ കേരളത്തിൽ മൂന്നു കോടി രൂപയുടെ ജീവകാരുണ്യ പദ്ധതികളാണു ഫോമയുടെ നേതൃത്വത്തിൽ നടക്കുന്നത്. പദ്ധതിയിൽ എല്ലാവരും സഹകരിക്കണമെന്നു ഫോമ പ്രസിഡന്റ് അനിയൻ ജോർജും കേരള ക്ലബ് ഡിട്രോയിറ്റ് പ്രസിഡന്റ് അജയ് അലക്സും അറിയിച്ചു. ദുരിതസമയത്ത് കേരളത്തെ മനസറിഞ്ഞു സഹായിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് ഭാരവാഹികൾ പറഞ്ഞു.

# മാർത്തോമ്മാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻ ആൻഡ് കൾച്ചറൽ സെന്റർ ഉദ്ഘാടനം ചെയ്തു



**– ഷാജി രാമപുരം**

ന്യൂയോർക്ക്: മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങളുടെ ആസ്ഥാനമായ അറ്റ്ലാന്റയിലെ കർമ്മേൽ മാർത്തോമ്മാ സെന്ററിൽ ഭാവി തലമുറക്ക് ദൈവശാസ്ത്ര ദർശനം പകരുക എന്ന ലക്ഷ്യത്തോടെ മാർത്തോമ്മാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിഷൻ ആൻഡ് കൾച്ചറൽ സെന്റർ മാർത്തോമ്മാ കുടുംബസംഗമത്തോട് അനുബന്ധിച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങ് ഭദ്രാസനാധിപൻ ബിഷപ്പ് ഡോ.ഐസക്ക് മാർ ഫിലക്സിനോസ് ഉദ്ഘാടനം ചെയ്തു.

മാർത്തോമ്മാ കുടുംബസംഗമത്തോടെ അനുബന്ധിച്ച് ഭദ്രാസനത്തിന്റെ വിവിധ ഇടവകകളിൽ നിന്ന് പങ്കെടുത്ത അനേകരുടെയും സെന്റർ ഫാക്കൽറ്റി അംഗങ്ങളുടെയും നിറസാന്നിധ്യത്തിൽ ആണ് കൊളംബിയ തീയോളജിക്കൽ സെമിനാരിയുമായി പങ്കാളിത്വമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന് തുടക്കം കുറിച്ചത്.

ബിഷപ് ഡോ.മാർ ഫിലക്സിനോസിന്റെ സപ്തതി ഉപഹാരമായി തുടക്കം കുറിച്ച ഇൻസ്റ്റിറ്റ്യുട്ടിന്റെ കോർഡിനേറ്ററും, ഫാക്കൽറ്റിയുടെ പ്രധാന ചുമതലയും വഹിക്കുന്നത് ചിക്കാഗോ യൂണിവേഴ്സിറ്റിയുടെ കിഴിലുള്ള ലൂഥറൻ സ്കൂൾ ഓഫ് തീയോളജിയിൽ നിന്ന് പിഎച്ച്ഡി നേടിയ മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി മുൻ പ്രൊഫസറും, മുൻമാർത്തോമ്മാ സഭാ സെക്രട്ടറിയും, മുൻ ബാംഗ്ളൂർ എക്ക്യൂമെനിക്കൽ ക്രിസ്ത്യൻ സെന്റർ ഡയറക്ടറും സീനിയർ വികാരി ജനറാളും ആയ വെരി.റവ.ഡോ. ചെറിയാൻ തോമസ് ആണ്.

ഡോ.ജോഷി ജേക്കബ് (സയന്റിസ്റ്റ് ആൻഡ് പ്രൊഫസർ, എമോറി യൂണിവേഴ്സിറ്റി), ഡോ. സുരേഷ് മാത്യു (ചെയർ ആൻഡ് പ്രൊഫസർ, സാംഫോർഡ് യൂണിവേഴ്സിറ്റി), ഡോ.രാജ് നഡെല്ലാ (അസ്സോസിയേറ്റ് പ്രൊഫസർ, കൊളംബിയ തിയോളജിക്കൽ സെ മിനാരി) എന്നിവരാണ് സ്ഥാപനത്തിന്റെ പ്രധാന ഫാക്കൽറ്റി. അമേരിക്കയിൽ ജനിച്ചു വളർന്ന എൻജിനീയറിംഗ് ബിരുദധാരി കൂടിയായ റവ.ക്രിസ്റ്റഫർ ഫിൻ ഡാനിയേൽ ആണ് ലയ്സൻ ഓഫീസർ.

2021 ജനുവരി മുതൽ വിവിധ ഓൺലൈൻ കോഴ്സുകളാണ് പ്രാരംഭമായി ഈ സ്ഥാപനത്തിൽ ആരംഭിക്കുകയെന്ന് ഭദ്രാസന സെക്രട്ടറി റവ.അജു എബ്രഹാം, ഭദ്രാസന ട്രഷറാർ ജോർജ് പി.ബാബു എന്നിവർ അറിയിച്ചു. ഡൽഹി മുംബൈ ഭദ്രാസനാധിപൻ ആയിരിക്കുമ്പോൾ ബിഷപ് ഡോ.മാർ ഫിലക്സിനോസ് ഫരീദാബാദിൽ ഇൻസ്റ്റിറ്റ്യൂട്ട് ആയി തുടക്കം കുറിച്ച സ്ഥാപനമാണ് ഇന്ന് സെറാംപൂർ യൂണിവേഴ്സിറ്റിയുടെ കിഴിലുള്ള ധർമജ്യോതി വിദ്യാപീഠം.

അറ്റ്ലാന്റായിൽ ഏകദേശം 42 ഏക്കറോളം വരുന്ന സ്ഥലത്ത് ആറ് മില്യൻ ഡോളർ ചില വഴിച്ച് വാങ്ങിയ കർമ്മേൽ മാർത്തോമ്മ സെന്റർ എന്ന് നാമകരണം ചെയ്യപ്പെട്ട ഭദ്രാസന മിഷൻ ആസ്ഥാനം 2018 ഡിസംബർ 29ന് മാർ ത്തോമ്മ സഭയുടെ മുൻ പരമാധ്യക്ഷൻ കാലം ചെയ്ത ഡോ.ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തയാണ് നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസനത്തിലെ വിശ്വാസ സമൂഹത്തിനായി കൂദാശ ചെയ്ത് സമർപ്പിച്ചത്.

തിയോളജിക്കൽ സെമിനാരിയായി ഉയർത്തുക എന്നതാണ് ഈ സ്ഥാപനം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് ഇതിന്റെ പ്രസിഡന്റ് കൂടിയായ ബിഷപ് ഡോ.മാർ ഫിലക്സിനോസ് അഭിപ്രായപ്പെട്ടു.

## മയാമി സംഘമിത്രയുടെ നാടകം കുരുത്തി താമ്പയിൽ അരങ്ങേറി

**– സജി കരിമ്പന്നൂർ**

ഫ്ളോറിഡ: ഭാവമധുരമായ ആവിഷ്കാരത്തിലൂടെ ദൃശ്യചാരുതകൾ തീർക്കുന്ന മയാമി സംഘമിത്രയുടെ കുരുത്തി നവംബർ 13 ശനിയാഴ്ച താമ്പ ക്നാനായ കമ്യൂണിറ്റി സെന്ററിൽ അരങ്ങേറി. താമ്പാ ക്നാനായ കമ്യൂണിറ്റി സെന്ററിനോട് അനുബന്ധിച്ചുള്ള സ്പോർട്സ് സെന്റർ കോപ്ലംക്സിന്റെ ധനശേഖരണാർത്ഥമാണ് പ്രോഗ്രാം നടന്നത്. നാടകരചയിതാവ് ഹേമന്ദകുമാർ രചനയും, നോയൽ മാത്യു സംവിധാനവും നിർവ്വഹിച്ചിട്ടുള്ള ഈ നാടകത്തിന്റെ സാരഥി ജോയ് കുറ്റിയാനിയാണ്. സെക്രട്ടറി ബാബു കല്ലിടുക്കൽ, ട്രഷറർ ഉല്ലാസ് കുര്യാക്കോസ് തുടങ്ങിയവർ നേതൃനിരയിൽ പ്രവർത്തിക്കുന്നു. നാടകത്തിൽ നിന്നും ലഭിക്കുന്ന തുക കേരളത്തിലെ പ്രശസ്തമായ ഒരു നാടകസമിതിയിലെ കലാകാരന്റെ കുടുംബത്തിന് മെച്ചപ്പെട്ട വീട് നിർമ്മിച്ചു നൽകും.

# നേപ്പർവില്ലിൽ വർണ്ണശബളമായി ദീപാവലി ആഘോഷിച്ചു




ഷിക്കാഗോ: ഈവർഷത്തെ ദീപാവലി ആഘോഷങ്ങൾ നേപ്പർവില്ലിലുള്ള മാൾ ഓഫ് ഇന്ത്യയിൽ വച്ചു ദീപങ്ങൾക്ക് തിരി തെളിച്ചുകൊണ്ട് യുഎസ് കോൺഗ്രസ് മാൻ രാജാ കൃഷ്ണമൂർത്തി നിർവഹിച്ചു. രണ്ടു ദിവസം നീണ്ടുനിന്ന വിവിധ കലാപരിപാടികളിൽ ഷിക്കാഗോയിലുള്ള വിവിധ സംഘടനകൾ പങ്കെടുത്തു.

ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥികളായി നേപ്പർവിൽ മേയർ സ്റ്റീവ് ചിരാക്കോ, ഹാനോവർ പാർക്ക് മേയർ റോഡ്നി ക്രെയ്ഗ്, അസോസിയേഷൻ ഓഫ് എൻജിനീയേഴ്സ് (എഎഇഐഐ) പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസ്, അമേരിക്കൻ അസോസിയേഷൻ ഓഫ് ഫിസിഷ്യൻസ് (എഎപിഐ) പ്രസിഡന്റും, ഓക്ബ്രൂക്ക് സിറ്റിയുടെ ട്രസ്റ്റിയുമായ ഡോ. സുരേഷ് റെഡ്ഡി എന്നിവർ പങ്കെടുത്ത് സംസാരിച്ചു. സ്പിരിറ്റ് ഓഫ് ദീപാവലിഎന്ന ദീപാവലി ആഘോഷം റിതികാ അറോറ, ഹാനി സിന്ധു, വിനോസ് ചാനവാലു, സീതാബിലു എന്നിവർ ചേർന്ന് നടത്തി.

കോൺഗ്രസ്മാൻ രാജാ കൃഷ്ണമൂർത്തി തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ദീപങ്ങളുടെ ആഘോഷമായ ദീപാവലി, കോവിഡ് മൂലം ജനങ്ങൾ അനുഭവിച്ച ഇരുളടഞ്ഞ സമയങ്ങളിൽ നിന്ന് വെളിച്ചത്തിലേക്കും, സന്തോഷത്തിലേക്കും സാഹോദര്യത്തിലേക്കും നയിക്കാൻ ഇടയാകട്ടെ എന്ന് ആശംസിച്ചു.

ഇന്ത്യക്കാർ തിങ്ങിപ്പാർക്കുന്ന നേപ്പർവില്ലിൽ നിന്നും, ഷിക്കാഗോയുടെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറുകണക്കിന് ആളുകൾ രണ്ടു ദിവസം നീണ്ടുനിന്ന ഷോപ്പിംഗ് ഫെസ്റ്റിവലിലും, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കലാപരിപാടികളിലും പങ്കെടുത്തു.

# ഐഒസി യുഎസ്എ കേരള ചാപ്റ്റർ ഫ്ലോറിഡ റീജിയണൽ മീറ്റിംഗ് നടത്തി



ഫ്ലോറിഡ: ഐഒസി യുഎസ്എ കേരള ചാപ്റ്ററിന്റെ കീഴിലുള്ള ഫ്ലോറിഡ റീജിയണൽ മീറ്റിംഗ് ടാമ്പയിൽ ഫ്ലോറിഡ റീജിയണൽ പ്രസിഡണ്ട് ചാക്കോ കുര്യന്റെ അധ്യക്ഷതയിൽ ചേർന്നു. ഐഒസി യുഎസ്എ കേരള ചാപ്റ്റർ പ്രസിഡണ്ട് ലീല മാരേട്ടിന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ ഫ്ലോറിഡ റീജിയനിലേക്ക് കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനായി മെമ്പർഷിപ്പ് വിതരണം കൂടുതൽ ഊർജസ്വലമാക്കുവാനും യോഗം തീരുമാനിച്ചു. യോഗത്തിൽ 20 പേർ പുതുതായി അംഗത്വമെടുത്തിന്റെ അംഗത്വ ഫീസും മറ്റു രേഖകളും റീജിയണൽ പ്രസിഡണ്ട് ചാക്കോ കുര്യൻ കേരള ചാപ്റ്റർ പ്രസിഡണ്ട് ലീല മാരേട്ടിനു സമർപ്പിച്ചു. ഫ്ലോറിഡ റീജിയനിൽ ഐഒസിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്താനും യോഗം തീരുമാനിച്ചു.

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയും രാഷ്ട്രശില്പിയുമായ ജവഹർലാൽ നെഹ്രുവിന്റെ ജന്മദിനം (ശിശുദിനം), റിപ്പബ്ലിക്ക് ദിനാഘോഷം എന്നിവ ഫ്ലോറിഡ റീജിയനു കീഴിൽ വിപുലമായി ആഘോഷിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിക്കാനും യോഗം തീരുമാനിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ യശ്ശസ് ഉയർത്തുന്ന എല്ലാ ദേശീയസംസ്ഥാന നേതാക്കന്മാർക്കും പൂർണപിന്തുണ പ്രഖ്യാപിക്കാനും യോഗം തീരുമാനിച്ചു.

2022 ഏപ്രിലിൽ ന്യൂയോർക്കിൽ വച്ച് ഐഒസി യുഎസ്എ കേരള ചാപ്റ്ററിന്റെ ദേശീയ തലത്തിലുള്ള വിപുലമായ കൺവെൻ ഷൻ നടത്തുന്നതാണെന്നും പ്രസിഡണ്ട് ലീല മാരേട്ട് അറിയിച്ചു. കൺവെൻഷനിൽ ഫ്ലോറിഡ റീജിയന്റെ എല്ലാ പിന്തുണയും പരമാവധി പങ്കാളിത്തവും ഉറപ്പു വരുത്തുമെന്നും റീജിയണൽ പ്രസിഡണ്ട് ചാക്കോ കുര്യൻ അറിയിച്ചു. അതിനു മുൻപായി ഫ്ലോറിഡയിൽ മെമ്പർഷിപ്പ് വിതരണം കൂടുതൽ വ്യാപകമാക്കുമെന്നും അദ്ദേഹം അറിയിച്ചു. കേരള ചാപ്റ്റർ വൈസ് പ്രസിഡണ്ട് സ്കറിയ കല്ലറക്കലും ചടങ്ങിൽ അഭിസംബോധന ചെയ്തു. ഐഒസി യുഎസ്എ കേരള ചാപ്റ്ററിന്റെ വെബ്സൈറ്റ് ഡിസൈൻ ചെയ്യുന്നതിനു മേൽനോട്ടം വഹിക്കാനുള്ള ചുമതല കമ്മിറ്റി അംഗം പ്രസാദ് ജോണിനെ ചുമതലപ്പെടുത്തി.

## ചരമം

# REST IN PEACE

### ടി.എം.ജോസഫ് തൂമ്പുക്കൽ



ന്യൂയോർക്ക്: മാന്നാർ തൂമ്പുങ്കൽ ടി.എം.ജോസഫ് (കുട്ടപ്പൻ 74) യോങ്കേഴ്സിൽ അന്തരിച്ചു. സെന്റ് പീറ്റേഴ്സ് ക്നാനായ വലിയ പള്ളി അംഗമാണ്.

ഭാര്യ മറിയാമ്മ (ജിജി) റാന്നി ചെരുപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ജിനു, അന്നു. മരുമക്കൾ: ജോവൽ മേപ്പുറത്ത്, ഡിജോ വെട്ടിമൂട്ടിൽ (ഫിലാഡൽഫിയ). കൊച്ചുമക്കൾ ഷൈലോ, ലയ.

### വർഗീസ് ജോർജ്



ലൊസാഞ്ചൽസ്: ജോലി ചെയ്തിരുന്ന 711 സ്റ്റോറിൽ ആക്രമണത്തിന് വിധേയനായി മരിച്ച വർഗീസ് ജോർജ് (72, ജോസ് മാസിലാക്കൻ)ന്റെ സംസ്കാരം 6 ശനിയാഴ്ച സെറിട്ടോസിൽ നടന്നു. പത്തനംതിട്ട റാന്നി കീക്കോഴൂർ സ്വദേശിയാണ്. ഒക്ടോബർ 15ന് വൈകിട്ടു നടന്ന സംഭവം നടന്നത്.

കഴിഞ്ഞ എട്ടു വർഷമായി ഈ 711 സ്റ്റോറിൽ ജോലി ചെയ്തു വരികയായിരുന്നു. നാട്ടിൽ പൊതുപ്രവർത്തകനും രാഷ്ട്രീയ നേതാവും ആയിരുന്നു. ജനതാദൾ ജില്ലാ തലത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. കോപ്റേറ്റീവ് സൊസൈറ്റികർക്ക് നേതൃത്വം നൽകി.

ഭാര്യ: ജെസി അലക്സാണ്ടർ. മക്കൾ: ജീൻ വർഗീസ്, സൂസൻ അലക്സാണ്ടർ, കോശി അലക്സ് വൈദ്യൻ എന്നിവർ മക്കളാണ്.

### ജോൺ സാമുവേൽ



ന്യൂയോർക്ക്: വെച്ചൂച്ചിറ പുതുപ്പറമ്പിൽ പരേതരായ ചാക്കോ ജോണിന്റെയും ഏലിയാമ്മ ജോണിന്റെയും ഇളയ മകൻ ജോൺ സാമുവേൽ (തങ്കച്ചൻ 66) നവംബർ 3ന് ന്യൂയോർക്കിൽ വെച്ച് അന്തരിച്ചു.

ഭാര്യ: ഡോക്ടർ ലീലാമ്മ സമുവേൽ. മക്കൾ: ചാൾസ് സാമുവേൽ, റേച്ചൽ സാമുവേൽ, ഡയാൻ പാപ്പിഡോ. ലെവിൻ പാപ്പി, ക്രിസ്റ്റൽ തോമസ്, പാസ്റ്റർ അലൻ തോമസ്.

കൊച്ചുമക്കൾ: കരോളിൻ പാപ്പി, എസ്രാ തോമസ്, മാഡലിൻ തോമസ്. സഹോദരങ്ങൾ: പരേതയായ അന്നമ്മ ഏബ്രഹാം, പരേതൻ ജോൺ ജോർജ്ജ്, ചാക്കോ ജോൺ (ഫ്ളോറിഡ), മേരി ജോസ് (ഹൂസ്റ്റൺ), തങ്കമ്മ വർ ഗീസ് (ന്യൂയോർക്ക്). സംസ്ക്കാരശുശ്രൂഷകൾ നവംബർ 6ന് ന്യൂയോർക്കിൽ വെച്ച് നടന്നു.

### ജസ്റ്റിൻ വർഗീസ്



ഹൂസ്റ്റൺ: ഹൂസ്റ്റണിൽ സ്റ്റാഫോർഡ് മർഫി റോഡിൽ ഒക്ടോബർ 29ന് ഉണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ മലയാളി വിദ്യാർത്ഥി ജസ്റ്റിൻ വർഗീസിന്റെ (19 വയസ്സ്) സംസ്കാരം നവംബർ 4 വ്യാഴാഴ്ച നടന്നു.

പിതാവ് സുനിൽ വർഗീസ് തൊടുപുഴ കൊടുന്തറ കുടുംബാംഗവും മാതാവ് ഗീത വർഗീസ് കോട്ടയം വടവാതൂർ പുത്തൻപറമ്പിൽ കുടുംബാംഗവുമാണ്. ദീർഘ വർഷങ്ങളായി ഷുഗർലാൻഡിലാണ് താമസം. ഷുഗർലാൻഡ് ബ്രദറർ അസംബ്ലി സഭാംഗങ്ങളാണ്.

സഹോദരങ്ങൾ: ജേമി, ജീന.

സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയ ഓഡിറ്റോറിയത്തിലെ ശുശ്രൂഷകൾക്ക് ശേഷം സംസ്കാരം വ്യാഴാഴ്ച 1 മണിക്ക് പെയർലാൻഡ് സൗത്ത് പാർക്ക് സെമിത്തേരിയിൽ നടന്നു.

അനുശോചനത്തിന്:

സാമുവേൽ തോമസ് 832 5630463 സന്തോഷ് ഏബ്രഹാം 2812368791

# ഫൊക്കാന കൺവൻഷൻ റജിസ്ട്രേഷൻ കിക്ക് ഓഫ് ചരിത്ര വിജയത്തിലേക്ക് ; റ്റാമ്പായിൽ മാത്രം സമാഹരിച്ചത് ഒരുലക്ഷത്തിൽപരം ഡോളർ



ഫ്ലോറിഡ: 2022 ജൂലൈ 7 മുതൽ 10 വരെ ഒർലാണ്ടോയിലെ ഹിൽട്ടൻ ഡബിൾ ട്രീ ഹോട്ടലിൽ വച്ച് നടക്കുന്ന ഫൊക്കാനാ ഗ്ലോബൽ ഡിസ്നി കൺവൻഷന്റെ രജിസ്ട്രേഷൻ കിക്ക് ഓഫുകൾ വൻവിജയത്തിലേക്ക്.

പ്ലാറ്റിനം, ഡയമണ്ട്, ഗോൾഡ്, സിൽവർ സ്പോൺസർഷിപ്പുകൾ ഉൾപ്പെടെ ഒന്നേകാൽ ലക്ഷത്തിൽപ്പരം തുകയാണ് ടാമ്പയിൽ നിന്നുമാത്രം ലഭിച്ചത്. മലയാളി അസോസിയേഷൻ ഓഫ് ഡെറ്റോണ (മാഡ്)യുടെ ഉദ്ഘാടനത്തിൽ 15,000 ഡോളർ സ്പോൺസർഷിപ്പും നിരവധി റജിസ്ട്രേഷനുകളും ലഭിച്ചിരുന്നു. കൂടുതൽ മെമ്പർഷിപ്പും സ്പോൺസർഷിപ്പും ലഭ്യമാകുമെന്ന് ഫൊക്കാന പ്രസിഡണ്ട് ജോർജി വർഗീസ്, സെക്രട്ടറി സജിമോൻ ആന്റണി, ട്രഷറർ സണ്ണി മറ്റമന, ആർ. വി. പി. കിഷോർ പീറ്റർ എന്നിവർ പറയുന്നു.

മുൻ ആർ വി പി ജോൺ കല്ലോലിക്കലിന്റെ ആമുഖ പ്രസംഗത്തോടെയാണ് കിക്ക് ഓഫ് മീറ്റിംഗ് ആരംഭിച്ചത്. കിഷോർ പീറ്റർ അവതാരകനായിരുന്നു.

# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഇല്ലിനോയിസ് പഞ്ചാബ് ചാപ്റ്ററിന്റെ മെമ്പർഷിപ്പ് വിതരണം ഉദ്ഘാടനം ചെയ്തു



**- മാത്യൂ പി. തോമസ്**

ചിക്കാഗോ: ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യൂ എസ്എ ഇല്ലിനോയ്സിന്റെ പഞ്ചാബ് ചാപ്റ്ററിന്റെ മെമ്പർഷിപ്പ് വിതരണ ഉദ്ഘാടനം ചിക്കാഗോയുടെ സബർബൻ നഗരമായ അൽഗോങ്കിൻ ഗോൾഫ് ക്ലബ് ഹാളിൽ വച്ച് കുൽരാജ് ഗ്രീവാജിയുടെ നേതൃത്വ ത്തിൽ നടന്ന യോഗത്തിൽ ഐഒസി നാഷണൽ പ്രസിഡന്റ് മൊഹിന്ദർസിംഗ് ഗിൽസ്യൻ ജി നിർവഹിച്ചു.

യോഗത്തിൽ ഐഒസി നാഷണൽ ജനറൽ സെക്രട്ടറി സൊഫിയ ശർമ്മ ഐഓസി കേരള ചാപ്റ്റർ നാഷണൽ ചെയർമാൻ തോമസ് മാത്യു പടന്നമാക്കൽ, കുൽരാജ് ഗ്രീവാൽ തുടങ്ങിയവർ പുതിയ അംഗങ്ങളേ അഭിനന്ദിച്ചു സംസാരിച്ചു.

ചിക്കാഗോ ചാപ്റ്റർ പ്രസിഡന്റ് പ്രൊഫ. തമ്പി മാത്യു, സെക്രട്ടറി ആന്റോ കവലക്കൽ, റിൻസി കുര്യൻ, റോയ് ജോൺ എന്നിവർ സംസാരിച്ചു.

# പ്രവർത്തനോദ്ഘാടനവും കേരളപ്പിറവിയും 20ന്

**- ജോഷി വള്ളിക്കളം**

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ 2021-23 കാലഘട്ടത്തിലെ പ്രവർത്തനോദ്ഘാടനവും കേരളപ്പിറവിയും സംയുക്തമായി നവംബർ 20 ശനിയാഴ്ച വൈകുന്നേരം 5.30നു ഡെസ്പ്ലെയിൻസിലുള്ള കെ.സി.എസ് ഹാളിൽ വച്ചു നടത്തും. പ്രസ്തുത യോഗം ഉദ്ഘാടനം ചെയ്യുന്നത് പാലാ നിയോജക മണ്ഡലം ജനപ്രതിനിധി മാണി സി. കാപ്പൻ ആണ്.

നോർത്ത് അമേരിക്കയിലെ ഏറ്റവും വലുതും, അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ സംഘടനയുടെ മുപ്പതാമത്തെ പ്രസിഡന്റായ ജോഷി വള്ളിക്കളത്തിന്റെ നേതൃത്വത്തിലാണ് 2021-23 കാലഘട്ടത്തിലെ പ്രവർത്തനത്തിന് തുടക്കം കുറിക്കുന്നത്.

അമ്പതാം വാർഷികം ആഘോഷിക്കുന്ന ഈ സാമൂഹിക സാംസ്കാരിക സംഘടന പുതു തലമുറയ്ക്ക് കൂടുതൽ പ്രാതിനിധ്യം ഉറപ്പാക്കുന്ന തരത്തിലുള്ള കർമ്മപദ്ധതികൾക്കായിരിക്കും പ്രാതിനിധ്യം നൽകുക.

ലോകത്തെ മുഴുവൻ കീഴടക്കിയ കോവിഡ് എന്ന മഹാവ്യാധിയെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിച്ചതിനുശേഷം ഷിക്കാഗോയിൽ നടക്കുന്ന ഈ പൊതു പരിപാടിയിലേക്ക് എല്ലാവരേയും സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

ഷിക്കാഗോ മലയാളി അസോസിയേഷന്റെ ക്രിസ്തുമസ് ന്യൂഇയർ പരിപാടി 2022 ജനുവരി എട്ടിനു നടക്കുന്ന വിവരവും അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: ജോഷി വള്ളിക്കളംപ്രസിഡന്റ് (312 685 6749), സെക്രട്ടറി ലീല ജോസഫ് (224 578 5262), ട്രഷറർ ഷൈനി ഹരിദാസ് (630 290 7143), വൈസ് പ്രസിഡന്റ് മൈക്കിൾ മാണിപറമ്പിൽ (630 926 8799), ജോ. സെക്രട്ടറി ഡോ. സിബിൾ ഫിലിപ്പ് (630 697 2241), ജോ. ട്രഷറർ വിവീഷ് ജേക്കബ് (773 499 2530).